# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂൺ 12-ാം തീയതി ബുധനാഴ്ച
(ആകെ ചോദ്യങ്ങൾ - 30)

1. പഞ്ചിംഗ് സമ്പ്രദായം
2. ചികിൽസാ ഫീസ് നൽകാൻ കഴിയാത്ത രോഗികൾക്ക് ആവശ്യമായ ചികിൽസ ലഭ്യമാക്കാൻ നടപടി
3. ആശുപത്രികളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ
4. ആഭ്യന്തര വകുപ്പിലെ പരിഷ്ക്കാരങ്ങൾ
5. വാർഷിക പദ്ധതിക്ക് ലഭ്യമായ തുക
6. 'പോട്ട' നടപ്പാക്കൽ
7. താരീഫ് വില നിർണ്ണയത്തിലുള്ള അപാകതകൾ
8. നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കാൻ പദ്ധതികൾ
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഇനത്തിൽ വിതരണം ചെയ്ത തുക
10. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുവാൻ നടപടി
11. നിയമന നിരോധനം
12. ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ
13. മുല്ലപ്പെരിയാറിൽ നിന്നും കരാർ ലംഘിച്ച് വെള്ളം ശേഖരിക്കുന്നതിനെതിരെ നടപടി
14. നിർത്തലാക്കിയ ആനുകൂല്യങ്ങൾ
15. എല്ലാ ആശുപത്രികളിലും ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാക്കാൻ നടപടി
16. പാസ്പോർട്ട് ഫീ വർദ്ധന
17. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാൻ നടപടി
18. ഡോക്ടർമാർക്ക് ചികിൽസാരംഗത്തെ ആധുനിക വിജ്ഞാനം ലഭ്യമാക്കുവാൻ നടപടി
19. അനിശ്ചിതകാല പണിമുടക്കിനെത്തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ
20. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ
21. മുല്ലപ്പെരിയാർ നദീജലക്കരാർ
22. മത-തീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് നടപടി
23. സ്വകാര്യ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച അന്വേഷണം
24. ഗുജറാത്തിലെ കലാപങ്ങളെ തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയവർ
25. ഹൈലവൽ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ
26. ജൈവ സമ്പത്ത് സംരക്ഷിക്കാൻ പ്രത്യേക സെൽ
27. ആശുപത്രി വികസന സമിതികൾ
28. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള കമ്മിറ്റി
29. പ്രവർത്തി ദിവസം അഞ്ചായി കുറയ്ക്കുവാനുള്ള നടപടി
30. കുടുംബ സംഗമങ്ങളും കുടുംബ വേദികളും

### പഞ്ചിംഗ് സമ്പ്രദായം

1. ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും മറ്റു ചില പ്രധാന ഓഫീസുകളിലും ഏർപ്പെടുത്തിയ പഞ്ചിംഗ് സമ്പ്രദായം ഭരണം കാര്യക്ഷമമാക്കുന്നതിന് സഹായിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പഞ്ചിംഗ് സമ്പ്രദായം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ)യും (ബി)യും (സി)യും

സെക്രട്ടേറിയറ്റ് അനക്സ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകൾ, തിരുവനന്തപുരം കളക്ടറേറ്റ് എന്നിവിടങ്ങളിൽ പഞ്ചിംഗ് സംപ്രദായം ഒന്നാംഘട്ടം എന്ന നിലയ്ക്ക് നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ഹാജർനില മെച്ചപ്പെടുത്തുക വഴി ഭരണം കാര്യക്ഷമമാക്കാനാണ് ഇത് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. നടപ്പിലാക്കിയ ഓഫീസുകളിലെ ഇതിന്റെ പ്രവർത്തനം വിലയിരുത്തി വിജയകരമാണെന്ന് കണ്ടാൽ മറ്റ് സർക്കാർ ഓഫീസുകളിലും ഇത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്.

## ചികിൽസാ ഫീസ് നൽകാൻ കഴിയാത്ത രോഗികൾക്ക് ആവശ്യമായ ചികിൽസ ലഭ്യമാക്കാൻ നടപടി

2. ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. ടി. അഹമ്മദ് അലി :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സാധുക്കളായ രോഗികൾക്ക് വേണ്ടത്ര വിദഗ്ദ്ധ ചികിൽസ ലഭിക്കാത്ത ദുഃസ്ഥിതി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിൽസാ ഫീസ് നൽകാൻ കഴിയാത്ത പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ ചികിൽസ നൽകാൻ പറ്റിയ സാഹചര്യം ഗവൺമെന്റ് ആശുപത്രികളിൽ ഉണ്ടാക്കുന്നതിന് വേണ്ട എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടി എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) പരിഗണിനയിലുണ്ട്.

(സി) 22-5-2002-ലെ ജി.ഒ.(പി) നം.115/2002/താ.കു.വ നംപർ സർക്കാർ ഉത്തരവിലൂടെ സർക്കാർ ആശുപത്രികളിലെ ചികിൽസാ ഫീസ് വർദ്ധനവ് സർക്കാർ പിൻവലിച്ചിട്ടുണ്ട്. പ്രതിമാസം 1500 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരിൽ നിന്നും ചികിൽസാ ഫീസ് ഈടാക്കുന്നില്ല. കൂടാതെ 11-3-02-ലെ ജി. ഒ.(പി)56/2002/താ.കു.വ. പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും സൗജന്യമായി ചികിൽസ നൽകിവരുന്നു. കൂടാതെ നിർദ്ധനരോഗികൾക്കുള്ള ചികിൽസാ പദ്ധതി പ്രകാരം പാവപ്പെട്ട രോഗികൾക്ക് വിദഗ്ദ്ധ ചികിൽസയ്ക്കുള്ള ധനസഹായം നൽകിവരുന്നുണ്ട്. ഇൻഷുറൻസ് പരിരക്ഷാ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടി ഒരു പ്രത്യേക ചികിൽസാ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൻ പ്രകാരം ഒരു കുടുംബത്തിന് 20,000/- രൂപ വരെയുള്ള ചികിൽസാ ചിലവുകൾ സൗജന്യമായി വഹിക്കാൻ സാധിക്കും.

## ആശുപത്രികളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

3. ശ്രീ. എം. കുമാരൻ :

ശ്രീ. ബിനോയ് വിശ്വം :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ സമഗ്രവികസനത്തിനായി കേന്ദ്ര സഹായത്തോടെ എന്തെല്ലാം പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്ത് തുക കേന്ദ്രത്തിൽ നിന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കാലയളവിൽ ചെലവഴിച്ച തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിൽസയ്ക്ക് വേണ്ട യന്ത്രോപകരണങ്ങൾ വാങ്ങൽ എന്നിവയും കൂടാതെ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രജനന ശിശു ആരോഗ്യ പരിപാടി, കുടുംബ ക്ഷേമ പദ്ധതി, യൂറോപ്പ്യൻ കമ്മീഷൻ, സംയോജിത ജനസംഖ്യയും വികസനവും (UNFPA) പതിനൊന്നാം ധനകാര്യ പദ്ധതി, പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി എയിഡ്സ് കൺട്രോൾ പ്രോഗ്രാം, ട്രോമാ കെയർ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കോട്ടയം മെഡിക്കൽ കോളേജിന് 2 കോടി രൂപയും തൃശ്ശൂർ മെഡിക്കൽ കോളേജിന് 1.8 കോടി രുപയുടെയും ധനസഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. തുക ഇതുവരെയും റിലീസ് ചെയ്തിട്ടില്ല.

| | | |
|---|---|---|
| പ്രജനന ശിശു ആരോഗ്യ പരിപാടി | – | 634.0 ലക്ഷം |
| സംയോജിത ജനസംഖ്യയും വികസനവും | – | 400 ലക്ഷം |
| യൂറോപ്പ്യൻ കമ്മിഷൻ | – | 140 ലക്ഷം |
| 11–ാം ധനകാര്യ കമ്മിഷൻ | – | 9 കോടി |
| ട്രോമാ കെയർ | – | 1.5 കോടി |
| പുതുക്കിയ ക്ഷയരോഗനിയന്ത്രണ പരിപാടി | – | 3.24 കോടി |

(സി) ഓരോ ഇനത്തിലും ചിലവായ തുക അനുബന്ധമായി ചേർക്കുന്നു.

## ആഭ്യന്തര വകുപ്പിലെ പരിഷ്ക്കാരങ്ങൾ

4. ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസിന്റെ വിവിധ വിഭാഗങ്ങളിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ വിശദമാക്കുമോ;

(ബി) നാഷണൽ ക്രൈം റെക്കാർഡിംഗിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് തെളിയിക്കപ്പെടാതെ കിടക്കുന്ന കേസ്സുകൾ കൈകാര്യം ചെയ്യാൻ വിവിധ പോലീസ് സേനകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് നവീകരണത്തിനായി 63 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ശാസ്ത്രീയമായ കേസന്വേഷണത്തിനായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും പോലീസ് ഫോട്ടോഗ്രാഫിക് ബ്യൂറോയുടെയും, ഫോറൻസിക് ലബോറട്ടറിയുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും നശിപ്പിക്കുന്നതിനുമുള്ള ഉപകരണങ്ങൾ, റയട്ട് കൺട്രോൾ ആവശ്യത്തിനുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി എടുത്തു വരുന്നു.

നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന ആക്രമണ സംഭവങ്ങൾ തടയാൻ രാത്രികാല പട്രോളിംഗും കുറ്റവാളികൾ സ്ഥിരമായി തങ്ങാൻ ഇടയുള്ള സ്ഥലങ്ങളിൽ റെയ്ഡ് നടത്തിയും രഹസ്യാന്വേഷണം വഴി ലഭിക്കുന്ന വിവരം വച്ച് പ്രിവന്റീവ് അറസ്റ്റും നടത്തിവരുന്നു. പൊതുജനങ്ങളിൽ നിന്നും നേരിട്ടോ ഫോൺ മുഖേനയോ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യാൻ മൊബൈൽ സ്ക്വാഡും പോലീസ് കൺട്രോൾ റൂമും 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. 1090 എന്ന ടോൾ ഫ്രീ നംപരിൽ സ്വയം

വെളിപ്പെടുത്താതെ പോലീസിൽ വിവരമറിയിക്കുന്നതിനുള്ള സൗകര്യം എല്ലാ ജില്ലകളിലും ലഭ്യമാണ്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കായി സംസ്ഥാനത്ത് വനിതാ പോലീസിന്റെ അംഗസംഖ്യ നിലവിലുള്ള 2% ത്തിൽ നിന്നും 10% ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എൻ. സി. ആർ. ബി. യുടെ 'ക്രൈം ഇൻ ഇന്ത്യ 1999' പ്രസിദ്ധീകരണമനുസരിച്ച് കേരളത്തിന്റെ റാങ്ക് ഓഫ് ക്രിമിനാലിറ്റി 5 ആണ്.

(സി) സംസ്ഥാനത്ത് തെളിയിക്കപ്പെടാതെ കിടക്കുന്ന കേസുകൾ അന്വേഷിക്കുന്നതിനായി അതാത് യൂണിറ്റുകളിൽ ഇപ്പോൾ തന്നെ ക്രൈം ഡിറ്റാച്ച്മെന്റും സ്പെഷ്യൽ സ്ക്വാഡുകളും പ്രവത്തിച്ചുവരുന്നുണ്ട്. പ്രമാദമായ കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറ്റം ചെയ്തും അന്വേഷണം നടത്തി വരുന്നുണ്ട്.

## വാർഷിക പദ്ധതിക്ക് ലഭ്യമായ തുക

5. ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. എ. കെ. മണി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വാർഷിക പദ്ധതിക്ക് സംസ്ഥാനം നിർദ്ദേശിച്ച തുകയെത്ര; അനുവദിച്ച തുകയെത്ര; ഇതിൽ കേന്ദ്ര വിഹിതം എത്ര;

(ബി) കേന്ദ്രത്തിൽ നിന്ന് പ്രത്യേക സഹായമായി തൻവർഷത്തെ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭിക്കുമോ; എങ്കിൽ എന്ത് തുക;

(സി) കേന്ദ്രത്തിൽ നിന്ന് കിട്ടുന്നതല്ലാതെ മറ്റെന്തെങ്കിലും സഹായം തൻവർഷത്തെ പദ്ധതിക്ക് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എവിടെ നിന്ന്; എന്ത് തുകയാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) കേന്ദ്ര ആസൂത്രണ കമ്മീഷനു സമർപ്പിച്ച 2002-03 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരുന്ന അടങ്കൽ തുക 3750 കോടി രൂപയായിരുന്നു.

ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷനുമായി 2002 മാർച്ച് 20-ന് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി അടങ്കൽ 4025 കോടി രൂപയായി നിശ്ചയിച്ചു. തുടർന്ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) നടപ്പാക്കുന്ന പരിശീലന പരിപാടികൾക്ക് വിശേഷാലുള്ള കേന്ദ്രസഹായമായി ഒരു കോടി രൂപ അനുവദിച്ചതിന്റെ ഫലമായി 2002-03 ലേയ്ക്കുള്ള വാർഷിക പദ്ധതി അടങ്കൽ 4026 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതം 1853.08 കോടി രൂപയായിരിക്കും.

(ബി) തൻവർഷത്തെ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് പ്രത്യേക സാംപത്തിക സഹായം ലഭിക്കും. വിദേശ സഹായമുള്ള പദ്ധതികൾക്കുള്ള 969.75 കോടി രൂപ ഉൾപ്പെടെ മൊത്തം 1344.93 കോടി രൂപയാണ് പ്രത്യേക സഹായമായി കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്.

(സി) പദ്ധതി നടത്തിപ്പിനു വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നോ അതിന്റെ ഏജൻസികളിൽ നിന്നോ അല്ലാതെ മറ്റ് സ്രോതസ്സുകളിൽ നിന്നും നേരിട്ട് സാംപത്തിക സഹായം ലഭിക്കുകയില്ല. സംസ്ഥാനത്ത് ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഉൾപ്പെടെ വിദേശസഹായമുള്ള പദ്ധതികൾക്ക് 969.75 കോടി രൂപ വാർഷിക പദ്ധതിക്കാലത്ത് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 'പോട്ട' നടപ്പാക്കൽ

6. ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാരാഘവൻ :

ശ്രീ. പി. പി. ജോർജ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പോട്ട' നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) നിയമം നിലവിലില്ലാത്ത സ്ഥിതിക്ക് ഈ ചോദ്യത്തിന് പ്രസക്തിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## താരീഫ് വില നിർണ്ണയത്തിലുള്ള അപാകതകൾ

7. ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ അമിതമായി താരിഫ് വില നിർണ്ണയിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവും അതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടവും സർക്കാർ കണക്കാക്കിയിട്ടുണ്ടോ;

(സി) താരിഫ് വില നിണ്ണയത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി) :-**

(എ) നിലവിലുള്ള ചട്ടമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുംപോൾ ഭൂമിയുടെ വില രജിസ്റ്ററിംഗ് അതോറിറ്റി നിർണ്ണയിക്കാറില്ല. ആധാരത്തിൽ വില കുറച്ചാണ് കാണിച്ചിരിക്കുന്നതെന്ന് ബോദ്ധ്യമുണ്ടെങ്കിൽ രജിസ്റ്ററിംഗ് അതോറിറ്റി ആധാരം രജിസ്റ്റർ ചെയ്യുകയും അണ്ടർ ആകയാൽ  നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) 2000-2001 നെ അപേക്ഷിച്ച് 2001-2002-ൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ എണ്ണം കുറയുകയാണുണ്ടായതെങ്കിലും സർക്കാരിന് വരുമാനം വർദ്ധിച്ചിട്ടുള്ളതായിയാണ് കണക്കുകൾ സുചിപ്പിക്കുന്നത്.

(സി) ഭൂമിയുടെ ന്യായ വില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.

## നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കാൻ പദ്ധതികൾ

8. ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്ക്കരിക്കുന്നുണ്ടോ;

(ബി) നഗരങ്ങളിലെ ഖര-ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ചേർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കുടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. മുനിസിപ്പൽ ഭരണ വകുപ്പിന്റെ വികസനസെൽ പ്രവർത്തനമാരംഭിക്കുന്നതോടെ ഇക്കാര്യത്തിൽ കുടുതൽ ഏകീകൃത രൂപം കൈവരിക്കുന്നതാണ്. ഖരമാലിന്യ സംസ്കരണം കുടുതൽ മെച്ചമാക്കുവാൻ സ്വകാര്യ മേഖലയുടെ പങ്കാളിത്തം തേടാൻ ഉദ്ദേശമുണ്ട്.

(ബി) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷം മുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

പ്രശ്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ നഗരസഭകൾക്ക് 1997-98 വർഷം 60 ലക്ഷം രൂപായും 1998-99 വർഷത്തിൽ 100 ലക്ഷം രൂപായും 1999-2000 മുതൽ 150 ലക്ഷം രൂപായും 2000-2001 വർഷത്തിൽ 86.26 ലക്ഷം രൂപായും 2001-02 വർഷത്തിൽ 75 ലക്ഷം രൂപായും അനുവദിച്ചിട്ടുണ്ട്. നഗരഖര മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവശ്യമാണെങ്കിൽ സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി ആവിഷ്കരിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും വിവിധ ഏജൻസികൾ വികസിപ്പിച്ചെടുത്തിട്ടുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഖരമാലിന്യങ്ങൾ സംസ്കരിച്ചു ജൈവവളമാക്കി മറ്റുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെറിയ നഗരസഭകളുടെ കാര്യത്തിൽ ചെലവ് കുറഞ്ഞ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിലേക്കായി ചപ്പുചവറും മണ്ണിര-കമ്പോസിറ്റ് രീതിയാണ് മിക്ക നഗരസഭകളും ആവിഷ്കരിച്ചിട്ടുള്ളത്.

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഇനത്തിൽ വിതരണം ചെയ്ത തുക</u>

9. ശ്രീ. വി. സി. കബീർ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഇനത്തിൽ ആകെ എന്തു തുക വിതരണം ചെയ്തിട്ടുണ്ട്;

(ബി) ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നീ വിഭാഗങ്ങൾക്ക് മൊത്തം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. ചേർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) 2001-2002 സാംപത്തിക വർഷത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഇനത്തിൽ ആകെ 525,56,27,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തുകൾ ബ്ളോക്ക്, ഗ്രാമ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നീ വിഭാഗങ്ങൾക്ക് മൊത്തം 890 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(സി) ആകെ 479,04,67,339/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുണ്ട്.

## <u>ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുവാൻ നടപടി</u>

10. ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഏർപ്പെടുത്തുന്നതുകൊണ്ട് താലൂക്ക് തലം തൊട്ട് താഴെക്കുള്ള ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) താലൂക്ക് തലംമുതൽ താഴെക്കുള്ള ആശുപത്രികളുടേയും അതിലെ രോഗികളുടേയും ഗുണത്തെ ലാക്കാക്കി അത്തരം ആശുപത്രികളുടെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിദഗ്ദ്ധവും ആധുനികവും ആക്കാൻ വൻപിച്ച മുതൽ മുടക്ക് ആവശ്യമായ സാഹചര്യത്തിലും അതിന് സർക്കാരിന്റെ വിഭവശേഷി മതിയാകാതെ വന്ന സാഹചര്യത്തിലും സ്വകാര്യ മേഖലയുടെ പങ്കാളിത്തം ക്ഷണിക്കുകയുണ്ടായി. കൂടാതെ, പൊതുജനങ്ങളുടെ സജീവമായ സഹായ സഹകരണങ്ങളും പങ്കാളിത്വവും സ്വീകാര്യമായ രംഗങ്ങളിൽ ലഭിച്ചാൽ സർക്കാർ സ്വീകരിക്കുന്നതാണ്. 4–1–2002–ലെ ജി.ഒ. (എം. എസ്) 9/2002/താ.കു.വ. ഉത്തരവ് പ്രകാരം വിശദമായ ഉത്തരവ് ഇതിനായി ഇറക്കിയിട്ടുണ്ട്. കുടാതെ സ്വകാര്യ വ്യക്തികൾ ലയൻസ്, റോട്ടറി, റെഡ് ക്രോസ് തുടങ്ങിയ സന്നദ്ധ സംഘടനകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റു സാമൂഹ്യ സാംസ്കാരിക സംഘടനകൾ എന്നിവർ ഹോസ്പിറ്റൽ വാർഡുകൾ സ്പൊൺസർ ചെയ്യാനും അഡോപ്റ്റ് ചെയ്യാനും മുന്നോട്ടു വന്നിട്ടുണ്ട്. ഇതിനകം കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇതനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കാനും സൗജന്യമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുജന– സ്വകാര്യ പങ്കാളിത്തം കൊണ്ട് ആരോഗ്യ വകുപ്പിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## നിയമന നിരോധനം

11. ശ്രീ. എ.എൻ. രാജൻ ബാബു:
ശ്രീ. ജോണി നെല്ലൂർ:
ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. നിയമനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി എത്ര നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ അവസരങ്ങൾ നൽകുന്നതിന് സ്വകാര്യമേഖലയ്ക്ക് സർക്കാർ നൽകിയ ഉദാര സമീപനങ്ങൾമൂലം എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എസ്.സി, 22587 (ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ്) പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിൽ തൊഴിൽ നൽകിയതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല.

## ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ

12. ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ലോക ബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പ് മന്ത്രി):-**

(എ) ഉണ്ട്.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റം ഡെവലപ്മെന്റ് പ്രോജക്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 910.4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതലായവയിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രോജക്ടാണ് സമർപ്പിച്ചിട്ടുള്ളത്.

നിലവിലുള്ള ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുക, കിടക്കകളുടെ എണ്ണമനുസരിച്ച് സ്റ്റാൻഡഡൈസ്ഡ് പാറ്റേൺ നടപ്പിലാക്കുക, രക്തബാങ്ക് ഇല്ലാത്ത ആശുപത്രികളിൽ ബ്ളഡ് സ്റ്റോറേജ് സിസ്റ്റം ഏർപ്പെടുത്തുക, മെച്ചപ്പെട്ട ഉപകരണങ്ങൾ വാങ്ങുക, കേടായ ഉപകരണങ്ങൾ നന്നാക്കുക, ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെ എല്ലാ ഔഷധങ്ങളും ലഭ്യമാക്കുക, ഒരു ഔഷധ നയത്തിന് രൂപം കൊടുക്കുക, ഔഷധങ്ങളുടെ സ്റ്റോക്കിന്റെയും വിതരണത്തിന്റെയും കമ്പ്യൂട്ടറൈസ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുക. എല്ലാ ആശുപത്രികളിലും ആംബുലൻസ് കൊണ്ടുവരിക, നിലവിലുള്ള ലാബുകൾ മെച്ചപ്പെടുത്തുക, ഓരോ ജില്ലാ തലത്തിലും ലാബുകൾ രൂപീകരിക്കുക എന്നിവ അടങ്ങിയ നിർദ്ദേശങ്ങൾ ഈ കരട് രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>മുല്ലപ്പെരിയാറിൽ നിന്നും കരാർ ലംഘിച്ച് വെള്ളം ശേഖരിക്കുന്നതിനെതിരെ നടപടി</u>**

13. ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. എ.പി. അനിൽകുമർ:
ശ്രീ. കെ. മോഹൻകുമാർ:
ശ്രീ. പി.ജെ. ജോയി: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ ലംഘിച്ച് മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാട് വെള്ളം കടത്തുന്നുണ്ടോ;

(ബി) ഇപ്രകാരമുള്ള വെള്ളം ശേഖരിക്കുന്നതിന് ലോവർ ക്യാമ്പിൽ തമിഴ്നാട് പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നുണ്ടോ;

(സി) ഇവിടെ നിന്ന് ബോഡിനായ്ക്കന്നൂരിൽ ജലമെത്തിക്കുവാൻ വേണ്ട കനാൽ തമിഴ്നാട് ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരാതിരിക്കുന്നതിനുവേണ്ടി തമിഴ്നാട് തുരച്ചിപ്പാലം വഴി വെള്ളം കടത്തുകയോ, കടത്തുവാനുള്ള പദ്ധതികൾ ഉണ്ടാക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>ഉത്തരം:</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) കരാർ ലംഘിച്ച് വെള്ളം കടത്തുന്നതായി ശ്രദ്ധയിൽ വന്നിട്ടില്ല.

<u>(ബി)യും (സി) യും</u>

ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തമിഴ്നാട് നടത്തുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

## നിർത്തലാക്കിയ ആനുകൂല്യങ്ങൾ

14. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ടി.കെ. ദേവകുമാർ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ലഭിച്ചുകൊണ്ടിരുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് നിർത്തൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;
(ബി) ഇതിനായി സർക്കാർ ഇറക്കിയ ഉത്തരവുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;
(സി) ഇതുമൂലം സർക്കാരിന് എന്ത് തുകയുടെ സാമ്പത്തിക നേട്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;
(ഡി) 2002 ജനുവരി 16-ലെ സർക്കാർ ഉത്തരവ് നടപ്പാക്കിയതിന്റെ ഫലമായി എന്തു തുകയുടെ അധികനേട്ടമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;
(ഇ) സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ലീവ് സറണ്ടർ ആനുകൂല്യങ്ങൾ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സർക്കാരിന് എന്ത് തുക ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;
(എഫ്) സർക്കാർ ജീവനക്കാരുടെയും മറ്റും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ച സർക്കാർ തീരുമാനം സംസ്ഥാനത്തെ സ്വകാര്യ മാനേജ്മെന്റുകളും പിൻതുടരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(ജി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:**
**ശ്രീ. എ.കെ. ആൻറണി (മുഖ്യമന്ത്രി):-**

(എ) ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ലീവ് സറണ്ടർ, ഹൗസിംഗ് ലോൺ, കമ്പ്യൂട്ടർ ലോൺ എന്നീ ആനുകൂല്യങ്ങളാണ് നിർത്തൽ ചെയ്തിട്ടുള്ളത്. ഇവ കൂടാതെ താഴെപ്പറയുന്നവയിൽ കുറവ് വരുത്തിയിട്ടുണ്ട്.
1) പെൻഷൻ കമ്മ്യൂട്ടേഷൻ
2) പുനർ വിന്യസിക്കപ്പെടാത്ത പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ശമ്പളം 50% ആക്കി
3) പുതിയതായി ഗവൺമെന്റ് സർവ്വീസിൽ നിയമിക്കപ്പെടുന്നവർക്ക് ആദ്യ രണ്ടുവർഷം അടിസ്ഥാന ശംപളം മാത്രമായി പരിമിതപ്പെടുത്തി. മാത്രമല്ല ഇവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമും ഏർപ്പെടുത്തി.
(ബി) 16.1.2002 ലെ സർക്കാർ ഉത്തരവ് (പി)56/2002/ധന-യുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.
(സി) യും (ഡി) യും കണക്കാക്കിയിട്ടില്ല.
(ഇ) ലീവ് സറണ്ടർ ആനുകൂല്യങ്ങൾ നിർത്തലാക്കി 3.6.2002 ലെ ജി.ഒ.(പി)349/2002/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതുമൂലം ലഭിക്കുന്ന തുക കണക്കാക്കിയിട്ടില്ല.
(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ജി) ഉദിക്കുന്നില്ല.

## എല്ലാ ആശുപത്രികളിലും ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാക്കാൻ നടപടി

15. ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. കെ. എൻ.എ. ഖാദർ:
ശ്രീ. സി. ടി. അഹമ്മദ് അലി: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:
(എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ജീവൻ രക്ഷാ ഔഷധങ്ങൾ സ്റ്റോക്ക് ചെയ്തിരിക്കണമെന്ന് ഉത്തരവ് കൊടുത്തിട്ടുണ്ടോ;
(ബി) എങ്കിൽ എല്ലാ ആശുപത്രികളിലും ഇത്തരം ഔഷധങ്ങളുടെ സ്റ്റോക്ക് പരിമിതമായിട്ടെങ്കിലും ഉണ്ടായിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ജീവൻ രക്ഷാ ഔഷധങ്ങളുടെ അഭാവംമൂലം രോഗികൾക്ക് തക്കസമയത്ത് ചികിൽസ ലഭിക്കാതെ ആശുപത്രിയിൽ വച്ച് മരണമടയാൻ ഇടവന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവൻ രക്ഷാ ഔഷങ്ങൾ സ്റ്റോക്കില്ലാത്ത എത്ര ആശുപത്രികൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജീവൻരക്ഷാ ഔഷധങ്ങളുടെ അഭാവംമൂലം രോഗികൾക്ക് തക്കസമയത്ത് ചികിൽസ ലഭിക്കാതെ ആശുപത്രിയിൽ വച്ച് മരണമടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജീവൻരക്ഷാ ഔഷധങ്ങൾ എല്ലാ ആശുപത്രികളിലും എല്ലായ്പോഴും ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പാസ്പോർട്ട് ഫീ വർദ്ധന

16. ശ്രീ. തമ്പാനൂർ രവി:
ശ്രീ. എ. സുജനപാൽ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. വർക്കല കഹാർ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് ഫീസ് വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശങ്ങളിൽ ജോലി തേടുന്ന നിർദ്ധനരായ യുവാക്കളെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വർദ്ധിപ്പിച്ച പാസ്പോർട്ട് ഫീസ് കുറയ്ക്കുവാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

**ഉത്തരം:**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാൻ നടപടി

17. ശ്രീ. കെ. ബാബു:
ശ്രീ. ജോർജ് ജെ. മാത്യൂ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. എ. ചന്ദ്രൻ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി ഏതെങ്കിലും സ്കീം തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) അതിനുവേണ്ടി സ്കീം തയ്യാറാക്കിയിട്ടില്ലെങ്കിൽ അപ്രകാരം ഒരു സ്കീം തയ്യാറാക്കി ആയത് സമയബന്ധിതമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം:**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി). സി. ഡി.)

എല്ലാ മെഡിക്കൽ കോളേജുകളേയും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിനേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു കമ്പ്യൂട്ടർ ശൃംഖല ഐ.ടി. ഡിപ്പാർട്ടമെന്റുമായി സഹകരിച്ച് നടപ്പാക്കാൻ പദ്ധതി തയ്യാറായി കഴിഞ്ഞു. ഈ പദ്ധതി ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ടെലിമെഡിസിൻ പദ്ധതി നടപ്പിലാക്കാൻ വേണ്ട ഒരു പദ്ധതി

തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആധുനികവൽക്കരിക്കുവാനും സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം (2002–2003) പദ്ധതി വിഹിതത്തിൽ 420 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം കണ്ണാശുപത്രിയിൽ സർജിക്കൽ റെറ്റിനാ യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനത്തേക്ക് മാറ്റുന്നതിനും പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനും വേണ്ടി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും അതിനായി 2.96 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആധുനികവൽക്കിരിക്കുന്നതിനായി 440 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജിലും വാർഡിലും ഫാർമസിയിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ചികിൽസാ രംഗത്ത് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് നടപടികളെടുത്തിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഇതിന്റെ ഭാഗമായി ആധുനിക യാന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഹാർട്ട് ലംഗ് മെഷീൻ, കോളോണോ സ്കോപ്പ്, ഗാസ്ട്രോ ഡിയോഡിനോ സ്കോപ്പ്, ഹീമോ ഡയാലിസിസ് മെഷീൻ, വീഡിയോ ലാപ്രോസ്കോപ്പിക് സിസ്റ്റം, വീഡിയോ ബ്രോങ്കോ സ്കോപ്പ് മുതലായ ആധുനിക യന്ത്രോപകരണങ്ങൾ മെഡിക്കൽ കോളേജുകളിൽ വാങ്ങിയിട്ടുണ്ട്.

**<u>ഡോക്ടർമാർക്ക് ചികിൽസാരംഗത്തെ ആധുനിക വിജ്ഞാനം ലഭ്യമാക്കുവാൻ നടപടി</u>**

18. ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. എം. മുരളി:
ശ്രീ. ഇ.എം. അഗസ്തി:
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. എൻ. ശക്തൻ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ ഉള്ള ഡോക്ടർമാർക്ക് ചികിൽസാ രംഗത്തെ ആധുനിക വിജ്ഞാനം ലഭ്യമാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹെൽത്ത് സെന്ററുകളിലേയും പ്രൈമറി ഹെൽത്ത് സെന്ററുകളിലേയും താലൂക്ക് ആശുപത്രികളിലേയും ഡോക്ടർമാർക്ക് ഓറിയന്റേഷൻ കോഴ്സുകൾ നടത്തുന്നുണ്ടോ;

(സി) ഇല്ലാത്തപക്ഷം അവർക്ക് ചികിൽസാരംഗത്തെ ആധുനിക പ്രവണതകളെപ്പറ്റി അറിയുവാൻ മറ്റെന്ത് മാർഗ്ഗമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സർവ്വീസിലുള്ള ഡോക്ടർമാർക്ക് വേണ്ടി മെഡിക്കൽ കോളേജുകളിൽവച്ച് ക്രമമായി ഓറിയന്റേഷൻ കോഴ്സുകൾ നടത്തുവാൻ നടപടിയെടുക്കുമോ?

**<u>ഉത്തരം:</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാർക്ക് വൈദ്യശാസ്ത്രത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെപ്പറ്റി ബോധവാൻമാരാക്കുന്നതിന് തുടർ വിദ്യാഭ്യാസ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രത്യേക പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഡോക്ടർമാരെ വിദഗ്ദ്ധ പരിശീലനത്തിനായി സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ ഹ്രസ്വകാല/ദീർഘകാല ട്രെയിനിംഗ് കോഴ്സുകൾക്ക് അയയ്ക്കുന്നുണ്ട്. ഹെൽത്ത് സർവ്വീസിൽ ഉള്ള ഡോക്ടർമാർക്ക് താഴെപറയുന്ന പരിശീലന പരിപാടികളും, വർക്ക്ഷോപ്പുകളും നടത്തിവരുന്നു.

<u>ഫാമിലി വെൽഫയർ</u>

1) നോൺ സ്കാൽപൽ വാസക്ടമി.
2) ലാപ്രോസ്കോപ്പിക് ട്രെയിനിംഗ്.
3) എം.ടി.പി. ട്രെയിനിംഗ്.
4) അൾട്രാ സൗണ്ട് സ്കാനിംഗ് ട്രെയിനിംഗ്.
5) ഐ.യു.ഡി. ട്രെയിനിംഗ്.

<u>ആർ.സി.എച്ച്.</u>

1) ഇന്റഗ്രേറ്റഡ് ട്രെയിനിംഗ്
2) സ്പെഷ്യലൈസ്ഡ് സ്കിൻ ബിൽഡിംഗ്

പബ്ളിക് ഹെൽത്ത്

സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിലും ചികിൽസയിലുമുള്ള ട്രെയിനിംഗ്

മാനേജ്മെന്റ് ട്രെയിനിംഗ്

ഭരണരംഗത്തുള്ള ഡോക്ടർമാർക്ക് മാനേജ്മെന്റ് ട്രെയിനിംങ്

എയിഡ്സ്

രോഗ നിർണ്ണയത്തിലും, ചികിൽസയിലും ട്രെയിനിംഗ്, വർക്ക്ഷോപ്പുകൾ എന്നിവ നടത്തി വരുന്നു.

ആർ.എൻ.ടി.സി.പി.

ക്ഷയരോഗത്തിനുള്ള പുതിയ ചികിൽസാ രീതികൾ പഠിക്കുവാൻ ഡോക്ടർമാർക്ക് പരിശീലനം നൽകി വരുന്നു.

(ബി) + (സി)

നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## അനിശ്ചിതകാല പണിമുടക്കിനെത്തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ

19. ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. ടി.കെ. ബാലൻ:
ശ്രീ. എ.കെ. ബാലൻ:
ശ്രീ. എം. വി. ജയരാജൻ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും നടത്തിയ അനിശ്ചിതകാല പണിമുടക്കിന്റെ ഭാഗമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാം;

(ബി) ഈ ഒത്തുതീർപ്പ് വ്യവസ്ഥകൾ സർക്കാർ ഇതിനകം പൂർണ്ണമായും നടപ്പിലാക്കിയോ;

(സി) ഇല്ലെങ്കിൽ അവശേഷിക്കുന്നവ എന്തൊക്കെയാണ്;

(ഡി) പണിമുടക്കുമായി ബന്ധപ്പെട്ട് സസ്പെൻഷന് വിധേയരായ എത്ര ജീവനക്കാർ ഇനിയും സർവ്വീസിന് പുറത്ത് നിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ?

**ഉത്തരം:**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ)

(1) പെൻഷൻ കമ്മ്യൂട്ടേഷൻ കുറവു വരുത്തിയതിൽ 50% പുനഃസ്ഥാപിക്കും

2)പ്രൊട്ടക്ററഡ് അദ്ധ്യാപകർക്ക് 2002 ജൂൺ മാസംവരെ മുഴുവൻ ശംപളം നൽകും. ഇതിനിടയിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പരമാവധി പുനർ വിന്യസിക്കുവാനും അപ്രകാരം ജൂൺ 2002 വരെ പുനർവിന്യസിക്കാൻ കഴിയാത്തവർക്ക് അവരെ പുനർ വിന്യസിക്കുന്നതുവരെ 50% ശമ്പളം നൽകുവാനും തീരുമാനിച്ചു.

3) മറ്റ് സാമ്പത്തിക ബാദ്ധ്യതയുള്ള ഡിമാന്റുകൾ സംബന്ധിച്ച് ഒരു വർഷത്തിനുശേഷം ജീവനക്കാരുമായി ചർച്ച ചെയ്യും

4) സമരവുമായി ബന്ധപ്പെട്ട അക്രമസ്വഭാവമുള്ള കേസുകൾ ഒഴികെ മറ്റ് കേസുകൾ പിൻവലിക്കുന്നതിൽ അനുഭാവപൂർവ്വ സമീപനം ഗവൺമെന്റ് കൈക്കൊള്ളും.

5) പണി മുടക്ക് കാലം ഡൈസ് നോൺ ആയി കണക്കാക്കും.

(ബി)യും (സി)യും

നടപ്പിലാക്കി വരുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ

20. ഡോ. തോമസ് ഐസക്:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. പി.സി. ജോർജ്ജ്: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ചർച്ചകൾ വല്ലതും നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എ.ഡി.ബി. വായ്പ ലഭിക്കുന്നതിന് എന്തെല്ലാം ഭരണ പരിഷ്ക്കാരങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതെന്ന് വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എ.ഡി.ബി. വല്ല നിർദ്ദേശങ്ങളും വച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനത്തിന് എ.ഡി.ബി. വായ്പ ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ എ.ഡി.ബി.യുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) എ.ഡി.ബി.യിൽ നിന്നും എന്തു തുകയുടെ വായ്പയാണ് പ്രതീക്ഷിക്കുന്നത് എന്നും എന്നത്തേയ്ക്ക് പ്രസ്തുത വായ്പ ലഭിക്കുമെന്നും വ്യക്തമാക്കാമോ;

(ജി) എ.ഡി.ബി.യിൽ നിന്നും വായ്പ ലഭിക്കുന്നതിന് മുൻ സർക്കാർ ധാരണാ പത്രത്തിലോ കരാറിലോ ഒപ്പിട്ടിരുന്നോ?

**<u>ഉത്തരം:</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.

(ബി) 1998 മുതൽ 2002 വരെ ഏഷ്യൻ വികസന ബാങ്കിന്റെ ദൗത്യസംഘം വിവിധ സന്ദർഭങ്ങളിലായി കേരളം സന്ദർശിക്കുകയും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, മുൻപ്രതിപക്ഷ നേതാവ്, ഉന്നതോദ്യോഗസ്ഥൻമാർ എന്നിവരുമായി ചർച്ച നടത്തുകയും ആ ചർച്ചയിൽ കേരളത്തിലെ പൊതുവിഭവ സമാഹരണത്തിനും സാംപത്തിക മേഖലയിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനും വ്യവസായ മേഖലയിലും സാമൂഹ്യ വികസന സഹായരംഗത്തും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകളാണ് നടന്നത്.

(സി) എ.ഡി.ബി. പ്രത്യേക നിബന്ധനകളൊന്നും ഇക്കാര്യത്തിൽ വച്ചിട്ടില്ല. എങ്കിലും നികുതിയേതര പരിഷ്ക്കാരങ്ങൾ, വ്യയനിയന്ത്രണവും നിർവ്വഹണവും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഈടുററതാക്കാൻ അനുയോജ്യമായ പരിഷ്ക്കാരങ്ങൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും വച്ചിട്ടില്ല.

(ഇ) ഇല്ല. ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

(എഫ്) 3000 കോടിയിൽ കുറയാത്ത ധനസഹായം. ആദ്യ ഗഡു ഈ സാംപത്തിക വർഷം പ്രതീക്ഷിക്കുന്നു.

(ജി) ഏഷ്യൻ വികസന ബാങ്കിന്റെ ഒരു വസ്തുത പഠനദൗത്യസംഘം 2000-മാണ്ട് ജൂലായ് 23 മുതൽ 29 വരെ സംസ്ഥാനം സന്ദർശിച്ച് തയ്യാറാക്കിയ എയ്ഡ് മെമോയർ 12-8-2000-ൽ കൂടിയ മന്ത്രിസഭായോഗം അംഗീകരിക്കുകയും അക്കാര്യം കേന്ദ്ര സർക്കാരിനേയും, ഏഷ്യൻ വികസന ബാങ്കിനേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## <u>മുല്ലപ്പെരിയാർ നദീജലക്കരാർ</u>

21. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. പി.പി. ജോർജ്ജ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീമതി മാലേത്ത് സരളാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാടുമായുള്ള മുല്ലപ്പെരിയാർ നദീജലക്കരാറിന്റെ കാലാവധി അവസാനിച്ചതെന്നാണ്;

(ബി) പ്രസ്തുത കരാർ പുതുക്കുവാൻ തമിഴ്നാട് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ;

(സി) കാലഹരണപ്പെട്ട കരാറനുസരിച്ച് ജലം നൽകുവാൻ സംസ്ഥാനത്തിനു ബാദ്ധ്യതയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഇ) കരാർ കാലാവധി തീർന്നതുകൊണ്ട് മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിന് വെള്ളം നൽകുന്ന സംവിധാനം നിർത്തിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) 1886 ഒക്ടോബർ 29-ന്. 999 വർഷത്തേക്ക് ഒപ്പുവയ്ക്കപ്പെട്ടിട്ടുള്ള മുല്ലപ്പെരിയാർ കരാറിന്റെ കാലാവധി അവസാനിച്ചിട്ടില്ല.

(ബി) കരാർ പുതുക്കുവാനുള്ള സമയമായിട്ടില്ല.

(സി)യും (ഡി)യും കരാർ കാലഹരണപ്പെട്ടിട്ടില്ല.

(ഇ) കരാർ കാലാവധി തീർന്നിട്ടില്ല.

## മത-തീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് നടപടി

22. ശ്രീ. മത്തായി ചാക്കോ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത-തീവ്രവാദ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംഘടനകളുടെ പ്രവർത്തനം ഫലപ്രദമായി തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത-തീവ്രവാദ സംഘടനകൾക്ക് വിദേശ ഏജൻസികളിൽ നിന്നും, സംസ്ഥാനത്തിനു പുറത്ത് പ്രവർത്തിക്കുന്ന മത-തീവ്രവാദ സംഘടനകളിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) മത-തീവ്രവാദ സംഘടനകളുടെ പ്രവർത്തനം ഇൻഡ്യയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരളത്തിൽ ഇത്തരം ഗ്രൂപ്പുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) കേന്ദ്രസർക്കാർ നിരോധിച്ചിട്ടുള്ള ഏതെങ്കിലും തീവ്രവാദ ഗ്രൂപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത-തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും അവയ്ക്കു ലഭിക്കുന്ന ധനസഹായത്തെക്കുറിച്ച് നിരീക്ഷിക്കുന്നതിനും പോലീസ് വകുപ്പിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) മത-തീവ്രവാദ സംഘടനകളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു.

(ബി) വർദ്ധിച്ചുവരുന്നതായി സ്ഥിരീകരിക്കപ്പെടാത്ത റിപ്പോർട്ടുകൾ പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് പ്രത്യേകം സെല്ലുകൾ ഡിവൈ.എസ്.പി. മാരുടെ ചുമതലയിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിൽ രൂപീകരിച്ച് രഹസ്യമായി പ്രവർത്തിച്ചുവരുന്നു.

(ഡി) ചില മതമൗലിക തീവ്രവാദ സംഘടനകൾക്ക് വിദേശത്തുനിന്നും, സംസ്ഥാനത്തിനു പുറത്തുനിന്നും ധനസഹായം ലഭിക്കുന്നതായി സൂചനകൾ ഉണ്ടെങ്കിലും ആ പണം ഈ സംസ്ഥാനത്ത് അനാശാസ്യ/ഭീകര പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതായി വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടില്ല.

(ഇ) ഇതു സംബന്ധിച്ച് അന്വേഷണം പുരോഗമിച്ചുവരുന്നു.

(എഫ്) പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. ഇതിനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ആസ്ഥാനത്ത് ഡിവൈ.എസ്.പി. മാരുടെ നേരിട്ടുള്ള ചുമതലയിൽ പ്രത്യേകം സെല്ലുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ അത്തരം സംഘടനകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ലഭിക്കുന്ന

വിശ്വസനീയമായ വിവരങ്ങൾ അപ്പപ്പോൾ ബന്ധപ്പെട്ട ഗവൺമെന്റിന്റെ മറ്റു വിഭാഗങ്ങൾക്ക് കൈമാറിവരുന്നുണ്ട്.

(ജി) അഖിലേന്ത്യാതലത്തിൽ 'സിമി' എന്ന സംഘടനയെ നിരോധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരും നിരോധനം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത സംഘടനയിലെ സംസ്ഥാനത്തെ മുൻകാല പ്രവർത്തകരുടേയും അനുഭാവികളുടേയും നീക്കങ്ങൾ കേന്ദ്ര രഹസ്യാന്വേഷണ വിഭാഗവുമായി ചേർന്ന് നിരീക്ഷിച്ചുവരുന്നുണ്ട്.

(എച്ച്) (സി), (ഡി) പിരിവുകളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## <u>സ്വകാര്യ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച അന്വേഷണം</u>

23. ശ്രീ.ടി.കെ. ദേവകുമാർ:
ശ്രീ. ടി.കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് 336 കോടിരൂപയുടെ ഹവാലാപ്പണം നാലു സ്വകാര്യ ബാങ്കുകൾ മുഖേന കൈമാറ്റം ചെയ്ത സംഭവത്തെക്കുറിച്ച് സർക്കാർ അന്വേഷണം വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സ്വകാര്യ ബാങ്കുകൾ വഴിയാണ് ഈ ഇടപാട് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ നാലു സ്വകാര്യ ബാങ്കുകളിൽ കൂടി കോടിക്കണക്കിനു രൂപ പിൻവലിക്കപ്പെട്ടതു സംബന്ധിച്ച് പ്രസ്തുത ബാങ്കുകൾ റിസർവ്വ് ബാങ്കിനെയോ കേന്ദ്രഗവൺമെന്റിനെയോ അറിയിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിലെ ബാങ്കുകളിൽ എത്തിയ കോടിക്കണക്കിനു രൂപ സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ലഭിച്ചിട്ടുള്ളത് എന്നതു സംബന്ധിച്ച് എന്തെങ്കിലും വിവരം സർക്കാരിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ), (ബി), (സി) & (ഡി) കേന്ദ്ര ഏജൻസികൾ ഇതു സംബന്ധിച്ച അന്വേഷണം നടത്തുന്നതായാണ് അറിയുന്നത്.

## <u>ഗുജറാത്തിലെ കലാപങ്ങളെത്തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയവർ</u>

24. ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്തിലുണ്ടായ വർഗ്ഗീയ കലാപങ്ങളെ തുടർന്ന്, ഗുജറാത്തിൽ സ്ഥിരതാമസമാക്കുകയോ അവിടെ ജോലിക്കുവേണ്ടി താമസിക്കുകയോ ചെയ്തിരുന്ന എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ട്;

(ബി) ഇവർക്ക് സംസ്ഥാനത്ത് ഉപജീവനം നടത്തുവാൻ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ്; വിശദീകരിക്കുമോ?

**<u>ഉത്തരം</u>**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ)യും (ബി)യും വിവരം ശേഖരിച്ചു വരുന്നു.

## <u>ഹൈലവൽ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ</u>

25. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. പി.സി. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത ഉദ്യോഗസ്ഥൻമാരും മറ്റും ഉൾപ്പെട്ട അഴിമതിക്കേസുകൾ പരിശോധിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ഹൈലെവൽ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ കമ്മിറ്റി രൂപീകരിച്ചതിനുശേഷം ഇതിനകം എത്ര അഴിമതിക്കേസുകൾ പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്കു വന്നിട്ടുണ്ട്.

(സി) അഴിമതിക്കേസുകളിൽ മന്ത്രിമാർ ഉൾപ്പെട്ട കേസ്സുകൾ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഹൈലവൽ റിവ്യൂ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം എത്ര അഴിമതി കേസ്സുകൾ വിജിലൻസ് കോടതികൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഹൈലവൽ റിവ്യൂ കമ്മിറ്റിയുടെ രൂപീകരണം, വിജിലൻസ് കേസ് അന്വേഷണത്തിനു കാലതാമസം വരുത്തുന്നതും കേസ്സിന്റെ സ്വതന്ത്രസ്വഭാവം ഇല്ലാതാക്കുന്നതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്യുന്ന കേസ്സുകളിൽ കോടതിയിൽ പ്രാഥമികാന്വേഷണ റിപ്പോർട്ടും തുടർന്നു കുറ്റപത്രവും നൽകുന്ന നടപടിക്രമം ഹൈലവൽ റിവ്യൂ കമ്മിറ്റി നിലവിൽ വന്നതോടെ ഇല്ലാതാകുമെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>**ഉത്തരം**</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാരും വകുപ്പുമേധാവികളും ഉൾപ്പെടുന്ന വിജിലൻസ് കേസ്സുകളിൽ അന്വേഷണത്തിനുശേഷം പ്രസ്തുത ഉദ്യോഗസ്ഥന്മാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ട് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയരക്ടർ സർക്കാരിലേക്ക് നൽകുന്ന ശുപാർശകൾ തെളിവുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ പരിശോധിക്കുകയും അനന്തര നടപടികൾ ശുപാർശ ചെയ്യുകയുമാണ് ഈ കമ്മിറ്റിയുടെ പ്രവർത്തനം.

(ബി) ഈ കമ്മിറ്റി ഒരു കേസ്സും പരിഗണിച്ചിട്ടില്ല.

(സി) മന്ത്രിമാരെ സംബന്ധിച്ച കേസ്സുകൾ ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്നില്ല

(ഡി) ഉദിക്കുന്നില്ല.

(ഇ) ഈ കമ്മിറ്റികളുടെ പ്രവർത്തനംമൂലം അഴിമതിക്കേസുകളുടെ അന്വേഷണത്തിന് കാലതാമസം വരുമെന്നും കേസന്വേഷണത്തിന്റെ സ്വതന്ത്ര സ്വഭാവം ഇല്ലതാകുമെന്നും സർക്കാർ കരുതുന്നില്ല.

(എഫ്) നിലവിലുള്ള നടപടിക്രമങ്ങൾ ഹൈലവൽ റിവ്യൂ കമ്മിറ്റി നിലവിൽ വന്നതിനാൽ ഇല്ലാതാകുന്നില്ല.

## <u>ജൈവ സമ്പത്ത് സംരക്ഷിക്കാൻ പ്രത്യേക സെൽ</u>

26. ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് ഡബ്ളിയു.ടി.ഒ. നീക്കങ്ങൾ സംസ്ഥാന ജൈവസമ്പത്തിനെ എപ്രകാരം ബാധിക്കുമെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഔഷധ സസ്യങ്ങളുടെ പേറ്റന്റ് നേടാൻ വിദേശസ്ഥാപനങ്ങൾ എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഔഷധ സസ്യങ്ങളും വിത്തിനങ്ങളും സംരക്ഷിക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി നിരന്തരബന്ധം പുലർത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) ജൈവസമ്പത്ത് സംരക്ഷിക്കാൻ ഒരു പ്രത്യേക സെൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ചുള്ള ഒരു റിസോഴ്സ് സെന്റർ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിക്കുന്ന കാര്യങ്ങളെക്കുറിച്ച് കേന്ദ്രസർക്കാരിന്

വിവരങ്ങൾ നൽകുകയും പ്രധാന വിവരങ്ങളുടേയും രേഖകളുടേയും ഒരു കലവറയായും പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. (ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്ര ഗവൺമെന്റിന്റെ ബയോടെക്നോളജി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

(ഡി) ജൈവ സമ്പത്ത് സംരക്ഷിക്കാൻ ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് ബയോഡൈവേഴ്സിറ്റി കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളാ ബയോ ഡൈവേഴ്സിറ്റി ബോർഡ് നിലവിൽ വരുമ്പോൾ അതിന്റെ കീഴിൽ സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ആശുപത്രി വികസന സമിതികൾ

27. ശ്രീ. ഇ.എം. അഗസ്തി:
ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വികസന സമിതികളുടെ കർത്തവ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഗണത്തിൽപ്പെട്ട ആശുപത്രികളിലാണ് വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളത്;

(സി) ഇവയ്ക്ക് ഫണ്ട് ലഭ്യമാകുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തുള്ള ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിക്കും ഇപ്പോൾ എത്ര ഫണ്ടുണ്ട്;

(ഇ) ഈ തുക ആഡിറ്റിനു വിധേയമാണോ എന്നു വ്യക്തമാക്കുമോ;

(എഫ്) അല്ലെങ്കിൽ ആശുപത്രി വികസന സമിതിയുടെ ഫണ്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിനു വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പു മന്ത്രി):-**

(എ) ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ സദാ ജാഗരൂകരായിരിക്കുക, അടിയന്തിര ഘട്ടങ്ങളിൽ വോളന്ററി സേവനമായോ ധനപരമായോ സഹായം ചെയ്യുക, സ്ഥാപനത്തിന്റെ നിരന്തരമായ വികസനം ഉറപ്പു വരുത്തുക, അതിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും അഭിവൃദ്ധിക്കും ഉതകുന്ന ചില ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക, ആശുപത്രിതളിലെ ചികിത്സാ സൗകര്യങ്ങൾ പരിമിതമായ സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് മെച്ചപ്പെടുത്തുകയും നിർദ്ധനരായ രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുക എന്നിവയാണ് ആശുപത്രി വികസന സമിതികളുടെ കർത്തവ്യങ്ങൾ.

(ബി) അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി വകുപ്പുകളിലെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകൾ, പ്രൈമറി ഹെൽത്തു സെന്ററുകൾ എന്നിവയിവാണ് വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളത്

(സി) ഒ.പി/ഐ.പി. ടിക്കറ്റ് ചാർജ്ജ്, ലാബ് ടെസ്റ്റ് ഫീസ്, പൊതുജനങ്ങളുടെ സംഭാവന, പാർക്കിംഗ് ഫീസ്, ഗേറ്റ് പാസ്സ്, ചികിത്സാ ഫീസ് മുതലായവയിലൂടെയാണ്എച്ച്.ഡി.സികൾ ഫണ്ട് സ്വരൂപിക്കുന്നത്.

(ഡി) സംസ്ഥാനത്തുള്ള ഗവൺമെന്റ് അലോപ്പതിക്ക് മെഡിക്കൽ കോളേജ് വികസന സമിതി ഫണ്ട് വിവരം ഇപ്രകാരമാണ്.

| | | |
|---|---|---|
| എത്ര ഫണ്ട് ഉണ്ട്: | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി | 9,69,856/- രൂപ |
| | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി | 36,00,000/- രൂപ |
| | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി | 2,03,496/- രൂപ |
| | കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി | 30,00,877/- രൂപ |

| | | |
|---|---|---|
| | തൃശൂർ മെഡിക്കൽകോളേജ് ആശുപത്രി | 18,79,087/- രൂപ |
| | തൃശൂർ നെഞ്ചുരോഗ ആശുപത്രി | 6,56,968/- രൂപ |
| | കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രി | 37,51,000/- രൂപ |
| | കോഴിക്കോട് ഐ.എം.സി.എച്ച് | 25,00,000/-രൂപ |

(ഇ) ആഡിറ്റിനു വിധേയമാണ്
(എഫ്) ബാധകമല്ല.

**<u>വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള കമ്മിറ്റി</u>**

*28. ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിനും അതനുസരിച്ച് നിയമനങ്ങൾ നടത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;
(ബി) എങ്കിൽ ആരൊക്കെയാണ് ഇതിൽ അംഗങ്ങൾ; പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏത് വിധത്തിലാണ് എന്ന് വിശദമാക്കാമോ?

**<u>ഉത്തരം</u>**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.
(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര പ്രിൻസിപ്പൽ സെക്രട്ടറിയും ധനകാര്യ(എക്സ്പെൻഡിച്ചർ) സെക്രട്ടറിയും പ്രസ്തുത കമ്മിറ്റിയുടെ അംഗങ്ങളാണ്.
<u>ചുമതലകൾ</u>

1. സർക്കാർ വകുപ്പുകളിലെ അധികമായുള്ള തസ്തികകൾ കണ്ടെത്തൽ.
2. അധികമായുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് വിശദവിവങ്ങൾ നൽകുക
3. താല്ക്കാലിക തസ്തികകളുടെ കാലാവധി നീട്ടിക്കൊടുക്കേണ്ടതുണ്ടോ എന്നും ടി തസ്തികകൾ നിറുത്തലാക്കേണ്ടതുണ്ടോ എന്നും നിർണ്ണയിക്കുക
4. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തും മുൻപ് അനുമതി തേടിയെത്തുന്ന ഫയലുകൾ പരിശോധിച്ച് ആവശ്യകത അനുസരിച്ച് അനുവാദം നൽകുക.

**<u>പ്രവർത്തി ദിവസം അഞ്ചായി കുറയ്ക്കുവാനുള്ള നടപടി</u>**

*29. ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:
(എ) സംസ്ഥാന ജീവനക്കാരുടെ പ്രവർത്തിദിവസം ആഴ്ചയിൽ അഞ്ചായി കുറയ്ക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;
(ബി) പ്രസ്തുത നിർദ്ദേശം ഉണ്ടാകാനുള്ള കാരണം വെളിപ്പെടുത്തുമോ;
(സി) പ്രവൃത്തി ദിവസങ്ങളിൽ ജോലിസമയത്ത് ജീവനക്കാർ ഓഫീസ് സംബന്ധമായിട്ടുള്ള ജോലിയിൽ തന്നെ ഏർപ്പെടണമെന്നത് കർശനമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**
(എ) പല നിർദ്ദേശങ്ങളും ഉണ്ട്.

(ബി) സർക്കാർ ഓഫീസുകളിലെ വിവിധ ചെലവുകൾ കുറയ്ക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ധനകാര്യ എക്സ്പെന്റീച്ചർ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലെ ഒരു ശുപാർശയായിരുന്നു 'ആഴ്ചയിലെ പ്രവൃത്തിദിവസങ്ങൾ അഞ്ചാക്കുക' എന്നത്.

(സി) ഈ നിബന്ധന ഇപ്പോൾത്തന്നെ നിലവിലുണ്ട്.

## <u>കുടുംബ സംഗമങ്ങളും കുടുംബ വേദികളും</u>

*30. ശ്രീ. പി.എസ്. സുപാൽ:

ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കുടുംബസംഗമങ്ങളും, കുടുംബവേദികളും രൂപീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കുടുംബസംഗമങ്ങളും കുടുംബവേദികളും കൊണ്ടുദ്ദേശിക്കുന്നതെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പരിപാടികളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അടുത്ത നാലുവർഷം കൊണ്ട് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്നാണ് കരുതുന്നതെന്നു വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) സർക്കാർ തലത്തിൽ കുടുംബസംഗമങ്ങളും കുടുംബവേദികളും രൂപീകരിച്ചിട്ടില്ല. എന്നാൽ 'കുടുംബസംഗമം' പരിപാടി നടപ്പാക്കാൻ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക്, ഓരോ വീടും ഒരു ഉൽപ്പാദന യൂണിറ്റാക്കി മാറ്റിക്കൊണ്ട് സ്വയം തൊഴിൽ സൗകര്യം ഉണ്ടാക്കി കൊടുക്കുവാനാണ് 'കുടുംബസംഗമം സുസ്ഥിര വികസന പദ്ധതി'യെന്നത് കൊണ്ടുദ്ദേശിക്കുന്നത്.

(സി) 'കുടുംബസംഗമം' പരിപാടിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഈ പരിപാടി നടപ്പാക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളു. അതിനാൽ തൊഴിലവസരങ്ങളുടെ വ്യക്തമായ കണക്കുകൾ തയ്യാറായിട്ടില്ല.